
# ചാവറ
# കുര്യാക്കോസച്ചൻ



കർമ്മ യോഗിയായ് കർമ്മധീരനായ്
കർമ്മലസൂന സുഗന്ധം പരത്തി നീ!
കാതലായ് കാരുണ്യ ദീപമായ് മാറി നീ
കരയുന്ന മാനവർക്കാശ്വാസമായി നീ.

ബ്രദർ ഡൊമിനിക് സി. എം. ഐ.

# KURIAKOSE CHAVARA MEMORIAL I. T. C. KOONAMMAVU



423.

# കുര്യാക്കോസ് ചാവറ
# മെമ്മോറിയൽ ഐ. ററി. സി.

### കൂനമ്മാവ്

ACHARYA PALACKAL JEEVAS LIBRARY ALWAYE
17956

# ധന്യനായ കുര്യാക്കോസ്
# ഏലിയാസച്ചൻ

---

## അൽപം ചരിത്രം

---

M/255-1314
DOM

ഈ പുണ്യപുരുഷൻ 1805 ഫെബ്രുവരി 10-ാം തീയതി കൈനകരിയിലുള്ള ചാവറ എന്ന കുടുംബത്തിൽ ജനിച്ചു. 1815-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്നു് വൈദികപഠനം ആരംഭിച്ചു. 1829-ൽ വൈദികപട്ടം സ്വീകരിച്ചു. കേരളത്തിൽ ആദ്യമായി വൈദികർക്കായി ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനായി ബ: പാലയ്ക്കൽ തോമ്മാ മല്പാനച്ചനും, പോരൂക്കര തോമ്മാ മല്പാനച്ചനും ചെയ്തുപോന്ന പരിശ്രമങ്ങൾ ഫലവണിഞ്ഞതു് 1831 മെയ് മാസത്തിൽ മാന്നാനത്തു് സന്യാസാശ്രമത്തിന്റെ ശിലാസ്ഥാപനത്തോടെയാണു്. ബ: ചാവറയച്ചൻ ആരംഭം മുതലേ ഇവരുടെ പരിശ്രമങ്ങളിൽ സഹകരിച്ചിരുന്നു. 1846 മുതൽ 1871 വരെ ഇദ്ദേഹമായിരുന്നു സഭാ ഭരണം നടത്തിയിരുന്നതു്. 1866-ൽ കർമ്മലീത്താ സന്യാസിനികൾക്കുവേണ്ടിയുള്ള സഭയും ഇദ്ദേഹം സ്ഥാപിച്ചു.

1871 ജനുവരി 3-ാം തീയതി കൂനമ്മാവിൽവച്ചു് ഇദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. ഈ പിതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ ഇപ്പോൾ മാന്നാനം ആശ്രമദേവാലയത്തിൽ ബഹുമാനപുരസ്സരം സൂക്ഷിക്കപ്പെടുന്നു. 1986 ഫെബ്രുവരി മാസത്തിൽ ഭാരതം സന്ദർശിക്കുന്ന ഭാഗ്യമോടെ വാഴുന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, ഈ ധന്യപുരുഷനെ വിശുദ്ധരുടെ പട്ടികയിലേക്കുയർത്തുമ്പോൾ, ആ പുണ്യചര്യന്റെ ആദ്ധ്യാത്മിക, കർമ്മസേവനങ്ങളെ വിലയിരുത്തുകയും അവ നമ്മിലേക്കു് പകർത്തുന്നതോടൊപ്പം, ആ സ്മര്യപുരുഷനെ വിശുദ്ധ പദവിയിലേക്കുയർത്തുവാൻ ജഗദീശ്വരനോടു് നമുക്കു് പ്രാർത്ഥിക്കുകയും ചെയ്യാം.

# കെ. സി. എം. ഐ. ററി. സി.

## ഒരു അവലോകനം

ധന്യനായ കുര്യാക്കോസ് ഏലിയാസച്ചൻെറ പാദസ്പർശനം ഏററ അദ്ദേഹത്തിൻെറ സേവനരംഗത്തിന്റെ അവസാന നാളുകൾ ചിലവഴിച്ച കൂനമ്മാവിൽ അദ്ദേഹത്തിൻെറ നാമധേയത്തിൽ സ്ഥാപിതമായിട്ടുള്ള ഏക സാങ്കേതിക സ്ഥാപനമാണ് കുര്യാക്കോസ് ചാവറ മെമ്മോറിയൽ ഐ. ററി. സി.

സി. എം. ഐ. സഭാ സ്ഥാപകനായ ചാവറ അച്ചൻെറ ജൂബിലിയോടനുബന്ധിച്ച് 1964 ജനുവരി 12-ാം തീയതി ഈ ഐ. ററി. സി. യ്ക്ക് രൂപം കൊടുത്തു. സി. എം. ഐ. സഭയുടെ തിരുഹൃദയ പ്രൊവിൻസിൻെറ കീഴിലുള്ള കൂനമ്മാവ് സെൻറ് ജോസഫ് ആശ്രമ ദേവാലയത്തിൻെറ കീഴിൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

ഈ സ്ഥാപനത്തിൻെറ ഉദ്ദേശ്യം കൂനമ്മാവിലും അതിൻെറ പരിസരപ്രദേശങ്ങളിലുമുള്ള SSLC പാസ്സായവരും, 25 വയസ്സിൽ കവിയാത്തതുമായ ചെറുപ്പക്കാർക്ക് സാങ്കേതിക പരിശീലനം നൽകി അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുകയും അതുവഴി സാമ്പത്തികവും സാമൂഹ്യവുമായ ഒരു ഉന്നത നിലവാരത്തിലേക്കുയർത്തുകയുമാണ്.

എളിയ തോതിൽ ഒരു ട്രേഡി (trade)ൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് അഞ്ച് ട്രേഡിൽ പതിനാല് യൂണിററായി വളർന്നിരിക്കുകയാണ്. ഇന്ന് ഈ സ്ഥാപനം പരിശീലനതലത്തിലും വിജയശതമാനത്തിലും

കേരളത്തിലെ മററ് ഐ. ററി. സി. കളുടെ മുൻപന്തി യിൽതന്നെ നില്ക്കുന്നു എന്നു് അഭിമാനത്തോടുകൂടി പറയു വാൻ സാധിക്കും. ഇതു് മാനേജ്മെൻറിൻേറയും സ്റ്റാ ഫംഗങ്ങളുടേയും കൂട്ടായ ഉത്തരവാദിത്വത്തിന്റെ ബാഹ്യ കടനം ഒന്നു മാത്രമാണ്. ഇനിയും പുതിയ കോഴ്സു കൾ ഉൾപ്പെടുത്തിക്കൊണ്ടു് മുന്നോട്ടുപോകുവാനാണു് ഉദ്ദേശിക്കുന്നതു്. ഈ സ്ഥാപനം ആരംഭിച്ചതു് അന്നു് മാനേജരായിരുന്ന ബ: ബേസിലച്ചൻെറ കാലത്താണ്. അദ്ദേഹത്തെ കൂപ്പുകൈയോടുകൂടി ഇന്നു് സ്മരിക്കുന്നു.

ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിൽ എത്തി ക്കുവാൻ അക്ഷീണപ്രയത്നംചെയ്ത പ്രിൻസിപ്പാളന്മാർ താഴെ പറയുന്നവരാണ്. അവരെ എന്നും കൃതജ്ഞത യോടെ സ്മരിക്കുന്നു.

1) ഫാ. ജോർജ്ജ് എടത്തിപ്പറമ്പിൽ സി. എം. ഐ.
2) ഫാ ജോസഫ് കുന്തറ സി. എം. ഐ.
3) ബ്ര കുര്യൻ സി. എം. ഐ.
4) ഫാ. കമലേസിയൂസ് സി. എം. ഐ.
5) ഫാ. പീററർ ആക്കപ്പടി സി. എം. ഐ.
6) ഫാ. ജോർജ്ജ് പൂക്കാട്ടു് സി. എം. ഐ.

ഇവരിൽ ഫാ. ജോസഫ് കുന്തറ ഏകദേശം 12 സംവത്സരത്തോളം ഈ സ്ഥാപനത്തിലെ പ്രിൻസി പ്പാളായിരുന്നു. അദ്ദേഹം ഇന്നു് ഈ ഐ. ടി. സിയുടെ മാനേജരായി ജോലി നോക്കുന്നു. അദ്ദേഹത്തിൻെറ കഠിനാദ്ധ്വാനത്തിൻെറ ഫലമാണ് ഇന്നു് നാം കാണുന്ന പുതിയ മൂന്നുനില കെട്ടിടം. അദ്ദേഹത്തിൻെറ നിർലോ ഭമായ സേവനത്തിനും സഹകരണത്തിനും എങ്ങനെ

നന്ദിപറയണമെന്നറിയില്ല. ജഗദീശൻ അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു് പ്രാത്ഥിക്കുന്നു.

കൂടാതെ 19 teaching staff, 3 non teaching staff ഉൾപ്പെടെ 21 പേർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. ഇവരുടെ സത്യസന്ധതയും അർപ്പണമനോഭാവവുമാണു് ഇത്ര ഉയർന്ന നിലയിൽ ഈ ഐ. ററി. സി. യെ എത്തിക്കുവാൻ പരിശ്രമിച്ച മറെറാരു ഘടകം.

പെൺകുട്ടികളെ ഉദ്ദേശിച്ച് ഡ്രാഫ്ററ്സ്മാൻ സിവിൽ (Draughtsman Civil) ട്രേഡിൽ രണ്ടു് യൂണിററുകൾ തുടങ്ങുകയുണ്ടായി. ഈ സ്ഥാപനത്തിൽ പ്രവത്തിച്ചുവരുന്ന ട്രേഡുകളും, യൂണിററുകളും താഴെ കൊടുക്കുന്നു.

1) Fitter (4 unit)

2) M. M. V. (Mechanic Motor Vehicle) 2 ,,

3) M. R. A. C. (Mechanic Refrigeration & Air Conditioning) 2 ,,

4) Wire man 2 ,,

5) Draughtsman (Civil) 4 ,,
(2 for boys, 2 for girls)

മേൽപറഞ്ഞ അഞ്ചു് ട്രേഡുകൾക്കും ഇൻഡ്യാ ഗവണ്മെൻറിൻെറ സ്ഥിരമായ അംഗീകാരം (NCVT) ലഭിച്ചിട്ടുള്ളതുമാണു്. ഈ സ്ഥാപനത്തിൽ പഠിച്ചു് പാസ്സായി പുറത്തുപോയിട്ടുള്ള കുട്ടികളിൽ ഭൂരിപക്ഷവും ഇന്നു് കേരളത്തിലും, കേരളത്തിനുപുറത്തും ജോലിചെയ്യുന്നുണ്ടു് എന്നു് സന്തോഷത്തോടും അഭിമാനത്തോടും കൂടി പറയുവാൻ സാധിക്കും. വിജയശതമാനത്തിൽ ഇന്നു് കേരളത്തിലെ ഐ. ററി. സി. കളുടെ മുൻപന്തിയിൽതന്നെ നില്ക്കുന്നു. ഇതിനുകാരണം ഇപ്പോഴും ഈ

സ്ഥാപനത്തിൻെറ ചുക്കാൻ പിടിക്കുന്ന പ്രിൻസിപ്പാൾ ബ: പീററർ ആക്കപ്പെടി അച്ചൻേറയും, വൈസ് പ്രിൻസിപ്പാൾ ബ: ജോർജ്ജ് പൂക്കാട്ടച്ചൻേറയും മററ് സ്റ്റാഫ് അംഗങ്ങളുടേയും നിതാന്ത പരിശ്രമത്തിൻെറ ഫലമാണ്.

അദ്ധ്യയനത്തിനുപുറമെ കായികവും, മാനസികവും, സാമൂഹ്യപരവുമായ വളർച്ചയെ ഉദ്ദേശിച്ച് ഈ വർഷാരംഭംമുതൽ വിദ്യാർത്ഥികൾക്ക് ചില പദ്ധതികൾ (schemes) ആസൂത്രണം ചെയ്ത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട സ്കീമുകൾ ഇവയാണ്:

1. Social Service Scheme
2. Arts and Sports Association
3. Science Forum

Social Service Scheme-ൻെറ ആദ്യപ്രവർത്തനമണ്ഡലം ഐ. ററി. സി. യുടെ സമീപമുള്ള ഗവ. ആശുപത്രിയായിരുന്നു. മനുഷ്യവാസമില്ലാതെ കാടും പടലും പിടിച്ചുകിടന്നിരുന്ന ആശുപത്രിയുടെ ഏകദേശം ഒന്നര ഏക്കർ സ്ഥലം സമതലമാക്കി കൊടുക്കുകയും കൂടാതെ ആശുപത്രിയുടെ അകവും പുറവും പരിസരങ്ങളും എല്ലാവരാലും അഭിനന്ദനാർഹമായ രീതിയിൽ ശുചിയാക്കി കൊടുക്കുകയും ചെയ്തു. കൂടാതെ Arts & Sports Association-ൻെറ ആദ്യപടിയായി ഒരു കയ്യെഴുത്തുമാസികയും പ്രസിദ്ധീകരിക്കുകയുണ്ടായി.

ഇവയ്ക്കെല്ലാം ഉപരിയായി Voluntary Blood Bank-ഉം തുടങ്ങുകയുണ്ടായി. സ്റ്റാഫും വിദ്യാർത്ഥികളുമടക്കം 130 പേർ ഇതിൽ അംഗങ്ങളാണ്. "സഹോദരനുവേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു" പഠിപ്പിച്ച ക്രിസ്തുനാഥൻെറ പാദങ്ങളെ പിൻതുടന്ന് സഹോദരങ്ങളുടെ ജീവൻ രക്ഷിക്കുവാൻവേണ്ടി സ്വന്തം രക്തം പ്രദാനംചെയ്യാൻ സന്നദ്ധരായി മുന്നോട്ടു വന്ന ഇവരെ എത്രമാത്രം അഭിനന്ദിച്ചാലും മതിവരില്ല.

## അദ്ധ്യാപക രക്ഷാകർത്തൃ സംഘടന

ഈ സ്ഥാപനം ശിക്ഷണത്തിലും അദ്ധ്യയനത്തിലും ഇത്ര ഉയർന്ന നിലവാരം പുലർത്താൻ ഇവിടെ ആരംഭിച്ചിട്ടുള്ള അദ്ധ്യാപക രക്ഷാകർത്തൃ സംഘടന വലിയ ഒരു പങ്ക് വഹിക്കുന്നുണ്ട്. വർഷത്തിൽ ചുരുങ്ങിയത് രണ്ട പ്രാവശ്യമെങ്കിലും രക്ഷകർത്താക്കൾ ഇവിടെ സമ്മേളിക്കുകയും കുട്ടികളുടെ പഠനകാര്യങ്ങളിലും മററും ശ്രദ്ധ ചെലുത്തുകയും വിലയേറിയ ഉപദേശങ്ങൾ നല്കി സഹായിക്കാറുണ്ട്.


## ഉപദേശക സമിതി

ഐ. ററി. സി. യുടെ സുഗമമായ നടത്തിപ്പിൽ ഉപദേശകസമിതിയുടെ സേവനം വലുതാണ്. അവരുടെ അവസരോചിതമായ ഉപദേശങ്ങളും നിസ്വാർത്ഥ സേവനവും സഹകരണവും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഉപദേശകസമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. Joseph T. Palathingal
2. Paulose M. Vadassery
3. A. K. Jayakumar Vaidyan
4. M. Thomas Menachery
5. Joseph Michael Pazhampilly
6. Mathew Kochappu Kachappilly

ഇങ്ങനെ ഏതുവിധത്തിൽ നോക്കിയാലും കുര്യാക്കോസ് ചാവറ മെമ്മോറിയൽ ഐ. ററി. സി. ഇന്ന് എല്ലാവരാലും ആദരിക്കപ്പെട്ടുകയും, അസൂയാവഹമായ രീതിയിൽ പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ ഐ. ററി. സി. യുടെ മാനേജ്മെൻറിനും, സ്റ്റാഫ് അംഗങ്ങൾക്കും അഭിമാനിക്കാം. അവർക്ക് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ!!

Br. Dominic Koikara CMI



# റവ. ഫാ. മെലേസിയൂസ് പാലാട്ടി CMI

സെൻറ് ജോസഫ്സ് ആശ്രമം, കൂനമ്മാവ്

## വ്രതാനുഷ്ഠാന സുവർണ്ണ

# ജൂബിലി മംഗളം

9—11—1935 ❀ 9—11—1985

# ജൂബിലേറ്യന് മംഗളങ്ങൾ

ആഗതരാമെല്ലാവർക്കും
സ്വാഗതങ്ങളോതിടുന്നു.
അഭിവന്ദ്യ ജൂബിലേറ്യാ
'വെൽക്കം സ്വാഗതം'.

മംഗളം മെലേസ്യൂസച്ചാ
മംഗളം നൂറായിരങ്ങൾ
ഭംഗംകൂടാതേകിടുന്നു
ഗുരുവരന്നായ്.

കുറുകുററി ദേശമതിൽ
പാരിലെങ്ങും പുകഴ് പൊങ്ങും
പാലാട്ടി ഭവനമതിൽ
ഭൂജാതനായി.

ഭക്തനാം ജൂബിലേറ്യന്റെ
വ്യക്തിമഹാത്മ്യങ്ങളെല്ലാം
യുക്തിയോടോതീടുവാനോ
ശക്തരല്ലിവർ.

നേരു നൈർമ്മല്ല്യ സൌശീല്ല്യം
പേരൊത്തൗദാര്യശീലൻ
തെററുകുററങ്ങളും നീക്കി
നയിച്ചീടുന്നു.

കളമശ്ശേരി തേവര
പള്ളിപ്പുറം വാഴക്കുളം
ആലുവാ കൂനമ്മാവിലും
സുപ്പീരിയറായ്.

ഐ. ടി. സി. മാനേജർ പിന്നെ
ഡയറക്ടർ പ്രിൻസിപ്പിളായും
ഏവർക്കും പ്രിയങ്കരനായ്
സേവനംചെയ്തു.

ചേലോടങ്ങു ഭരിച്ചല്ലോ
മാലേശാതേറെക്കൊല്ലങ്ങൾ
മാലോകർക്കും തൃപ്തിയായി
ഈ ലോകത്തിലും.

പരസ്നേഹതീഷ്ണതയാൽ
പാവങ്ങളിൽ പലർക്കായി
വീടുകളും സഹായവും
നൽകിവരുന്നു.

കെട്ടിടങ്ങൾ പള്ളികളും
കപ്പേളകൾ മഠങ്ങളും
പലതങ്ങു പണിയിച്ചു
മെലേസ്യസച്ചൻ.

ആലുവായിൽ കാർമ്മൽ സെൻറർ
കറുകുററി സാൻജോ ഭവൻ
മൈസൂറിൽ നൊവിഷ്യേററ് ഹൗസും
പണിയിച്ചല്ലോ!

ഇനിയുമേറെക്കൊല്ലങ്ങൾ
ധീരമായ സേവനങ്ങൾ
ചെയ്തിടുവാനീശൊനാഥൻ
വരം നൽകട്ടെ.

ഇന്നുമെന്നുമങ്ങിൽനിന്നും
കൈപ്പററിയ വകയെല്ലാം
നന്ദിയോടോർത്തു പ്രാത്ഥിക്കാം
ഞങ്ങളേവരും.

വന്നീടുന്നു ജൂബിലേറ്യൻെറ
പൊന്നണിഞ്ഞ ചുണ്ടൻവള്ളം
മുന്നണിയിൽ കേറിപ്പോട്ടെ
മന്നവനീശോ.

സ്നേഹമേറും പുണ്യതാത
തന്നീടുക അശിസ്സുകൾ
നിന്നോമൽ സുതരാകുന്ന
ഞങ്ങൾക്കെല്ലാർക്കും.

# പ്രസ്താവന

നെഞ്ചിൽവേദനയാൽ ഞാൻ 24–10–'85 ൽ സമരിററൻ ആസ്പത്രിയിൽ ഡോക്ടർ രാജേന്ദ്രനാഥൻ M. B. B. S, M. D. യെ കണ്ടു. അദ്ദേഹം എന്നെ പരിശോധിച്ചശേഷം ഹാർട്ടിനു് ഗൗരവമായ അസുഖമുണ്ടെന്നും നെഞ്ചിൽവേദനയും പ്രെഷറും കൂടുതലാകയാൽ, ഭാരമുള്ളതൊന്നും എടുക്കരുതെന്നും, അത്യാവശ്യമുള്ള യാത്രകൾ ഒരാളോടുകൂടി ചെയ്യണമെന്നും, ബസ്യാത്ര ചെയ്യരുതെന്നും, കയററം കയറരുതെന്നും, എഴുത്തുകൾ അത്യാവശ്യത്തിനുമാത്രം എഴുതാവൂ എന്നും, അദ്ധ്വാനിച്ച് ജോലിചെയ്യരുതെന്നും, കൊഴുപ്പുള്ള യാതൊന്നും ഭക്ഷിക്കരുതെന്നും പറഞ്ഞു് മരുന്നുകൾ കുറിച്ചുതന്നു. ഡോക്ടറുടെ നിർദ്ദേശമനുസരിച്ചും എൻെറ കണ്ണിനു് എഴുതാനും വായിക്കാനും വേണ്ട കാഴ്ചയില്ലാത്തതിനാലും പുസ്തകമെഴുത്തുകളിൽനിന്നെല്ലാം വിരമിക്കുകയാണെന്ന വിവരം ഉപകാരികളേവരേയും അറിയിക്കുന്നു. എൻെറ അനുദിനമുള്ള പ്രാത്ഥനകളിൽ സ്മരിക്കുന്നതാണ്. ഏതു സമയത്തും മരിക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. മരണശേഷമുള്ള എൻെറ സ്വർഗ്ഗീയജീവിതം ഭൂമിയിലുള്ളവർക്കു് പ്രത്യേകിച്ചു് ദൈവത്തിൻെറ ചെറിയവർക്കു് നന്മചെയ്യുവാനായി ഞാൻ വിനിയോഗിക്കുന്നതാണെന്നു് വാഗ്ദാനംചെയ്യുന്നു.

നിങ്ങളേവരും മററുള്ളവർക്കു് ഞാൻ ഭാരമായിതീരുംമുമ്പു് എത്രയുംവേഗം എനിക്കൊരു നല്ല മരണം ലഭിക്കാനായി പ്രാത്ഥിക്കണമെയെന്നു് യാചിക്കുന്നു.


പ്രിയപെ: ബ: ജനറാളച്ചാ! ബ: പ്രൊവിൻഷ്യലച്ചാ! ബ: പ്രിയോരച്ചാ! ബ: സഭാംഗങ്ങളെ എൻെറ

മരണശേഷം എനിക്കുള്ളവകളും എൻെറ പെരുമാററസാമാനങ്ങൾ, എൻെറ പുസ്തകങ്ങൾ, ഉടുപ്പുകൾ, ഭക്തസാമാനങ്ങൾ മുതലായവയെല്ലാം ദൈവത്തിൻെറ ചെറിയവരായ പാവപ്പെട്ടവർക്കു് സൗജന്യമായി കൊടുക്കുവാൻ ദയവുണ്ടാകണമെയെന്നു് ഏവരോടും വിനീതമായി ഞാൻ അപേക്ഷിക്കുന്നു.

ഭാരതത്തിലെ ആദ്യത്തെ ഏദദ്ദേശീയ കർമ്മലീത്താസന്യാസ (CMI) സഭാ സ്ഥാപകരിൽ ഒരാളും പ്രഥമ പ്രിയോർ ജനറാളുമായ ചാവറ കുറിയാക്കോസച്ചൻ ഇന്നുവരെ എനിക്കുചെയ്തിട്ടുള്ള രണ്ടു് അത്ഭുതരോഗശാന്തികൾക്കും നിരവധി അനുഗ്രഹങ്ങൾക്കും നാന്ദിയായിട്ടാണു് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു്. ഇതിനകം 14 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും അവവഴി ലഭിച്ച 101100 രൂപ സാധുക്കളുടെ ജീവകാരുണ്യപ്രവർത്തികൾക്കായി ചിലവാക്കാനും അനുഗ്രഹിച്ച ദൈവത്തിനു് അനവരതം സ്തുതിയും ആരാധനയും അർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങളുടെ രചനയിലും മററും എന്നെ പലവിധത്തിൽ സഹായിച്ചിട്ടുള്ളവർ അനവധിയാണു്. അവർക്കെല്ലാം എൻെറ അപാരമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടു് വിരമിക്കുന്നു.

നിങ്ങളുടെ 83 വയസ്സുള്ള വൃദ്ധസഹോദരൻ

**BR. DOMINIC CMI**



# സ്നേഹസ്മാരകം


**ബ്ര: ഡൊമിനിക് CMI-യുടെ**

| | | | |
|---|---|---|---|
| അപ്പൻ | കോയിക്കര | പത്രോസ് | 16.10.1918 |
| ജ്യേഷ്ഠൻ | ,, | പീററർ | 1.11.1919 |
| അനുജൻ | ,, | കുര്യൻ | 20.7.1946 |
| അമ്മ | ,, | മറിയം | 7.7.1951 |
| പെങ്ങൾ | ,, | മേരി | 4.10.1957 |
| ജോസഫ് | ,, | കെ. പി. | 22.2.1975 |
| പെങ്ങൾ | ,, | അന്നമ്മ | |

ബ്രദർ ഡൊമിനിക്ക്

**R. I. P.**

പ്രാർത്ഥിപ്പതിനായ് പരിപാവനമാം
ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാർന്നെൻ പ്രിയ ജനമേ
അനുദിനമലിവോടോർക്കണമിവരെ.



‘ഇന്നു ഞാൻ, നാളെ നീ’

Br. Dominic
Thaikara C.M.I.



മരണംവരുമൊരുനാൾ ഓർക്കുക മർത്ത്യാ നീ
കൂടെ പോരുംനിൻ ജീവിതചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുകനീ
അലസതകൂടാതെ.
മഹിമയൊടന്തിമ വിധിനാളിൽ
കർത്താവെ നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമെ
നല്ലവരൊത്തു വലംഭാഗെ
തെളിവായെന്നുടെ നാഥാനിൻ
തിരുമിഴിയെല്ലാം കാണുന്നു.
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കരുതെ.

# Blessed
# Chavara Kuriakosachen

(Malayalam)

By

**BRO. DOMINIC C. M. I.**

St. Joseph's Monastery, Koonammavu-683518

Published on 6-2-1986

Copies 1000

Price: Rs. 3

Printed at St. Joseph Press, Koonammavu

Printing expense donated by

**Miss Nirmala Jose Cherukunnel**

M. A. College, Civil A IIIrd Semister

Kothamangalam

P. S. ഈ പുസ്തകം വായിച്ചശേഷം മററുള്ളവർക്കു്
വായിക്കാൻ കൊടുക്കണമേ.

## ബ്രദർ ഡൊമിനിക്കിന്റെ



## ഇതരകൃതികൾ

1 മുത്തുമണികൾ
2 അനുസ്മരണകൾ
3 പാചകവിധികൾ
4 പാവനചിന്തകൾ
5 നിർമ്മലസൂനം
6 സി. എം. ഐ. യും ചാവറയച്ചനും
7 പ്രാർത്ഥനാഗാനങ്ങൾ
8 ചിന്താമൃതം
9 ദിവ്യസൂക്തികൾ
10 രക്ഷാകവചം
11 അർച്ചനാഗീതങ്ങൾ
12 കനകജൂബിലി
13 കവിതാസ്മരണിക
14 അർച്ചനാസൂനം

# കേരള സുറിയാനി കർമ്മലീത്താ സഭയുടെ ചരിത്രസംഗ്രഹം

പാലക്കൽ തോമാമല്പാനച്ചനും പോരുക്കര തോമ്മാച്ചനും ചാവറ കുരിയാക്കോസച്ചനും കണിയന്തറ യാക്കോബ്-സഹോദരനും അവിശ്രമം ജോലിചെയ്ത് മാന്നാനംകുന്നിൽ പണിതീർത്ത പന്തലിൽ വസിച്ചുകൊണ്ട് ദിവ്യബലി അർപ്പിക്കാനുള്ള കപ്പേളയുടെ പണികറം തുടങ്ങിക്കൊണ്ടിരിക്കവെ 1831 മെയ് 11-ാം തീയതി ആശ്രമത്തിനുള്ള സ്ഥലവും നിശ്ചയിച്ചു. ഏറെ താമസിയാതെ കപ്പേള പൂർത്തിയാക്കി. അടുത്തുവന്ന പന്തക്കുസ്താതിരുനാളിൽ അവിടെ ആദ്യമായി ദിവ്യബലിയർപ്പിച്ചു. 1831 ജൂൺ 11-ാം തീയതി കൊവേന്ത പണിക്കുള്ള അടിസ്ഥാനക്കല്ല് അഭിവന്ദ്യ മെത്രാനച്ചൻ നിന്നുകൊണ്ട് പോരുക്കര തോമാച്ചനെക്കൊണ്ടിടുവിച്ചു. വിശുദ്ധ യൗസേപ്പ് പിതാവിൻെറ നാമത്തിലുള്ള ഈ കൊവേന്തയുടെ പണികറം തീർത്തു എങ്കിലും പല പ്രതിബന്ധങ്ങളും തരണംചെയ്യേണ്ടിവന്നതിനാൽ അവകളെ തരണം ചെയ്യാൻ കാലതാമസമുണ്ടായി.

1855 ഡിസംബർ 8-ാം തീയതി പരിശുദ്ധ മറിയത്തിൻെറ അമലോത്ഭവപ്രഖ്യാപനത്തിൻെറ ഒന്നാം വാർഷികദിനത്തിൽ 18 ശതാബ്ദത്തെ പഴക്കമുള്ള ക്രിസ്തീയ സഭക്ക് ഔദ്യോഗികമായ അംഗീകാരത്തോടെ വ്രതത്രയങ്ങളാൽ ബന്ധിതമായ ഒരു ഏതദ്ദേശിയ സന്യാസസഭയുടെ ജനനം കാണുവാൻ ഭാഗ്യമുണ്ടായി, അന്ന് ചാവറ

കുര്യാക്കോസച്ചൻെറ നേതൃത്വത്തിൽ 11 വൈദികർ ചേർന്നു് മാന്നാനത്തെ ആശ്രമദേവാലയത്തിൽ വച്ചു് ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്ന വ്രതങ്ങൾ സ്വീകരിച്ചുകൊണ്ടു് സന്യാസത്തിൽ പ്രവേശിച്ചതോടെ ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭ സ്ഥാപിതമായി.

മുനിവര്യന്മാർക്കു് യോജിച്ചതായ ''അമലോത്ഭവ കർമ്മലമാതാവിൻെറ ദാസന്മാർ'' എന്ന പേരാണു് ആരംഭത്തിൽ ഇവർ സ്വീകരിച്ചതു്. സകലർക്കും സുസമ്മതനും, വിജ്ഞാനപാടവവും, പുണ്യത്തിൽ തീഷ്ണതയും, പ്രസംഗചാതുരിയുമുള്ളവനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ സഭയുടെ പ്രഥമ പ്രിയോർ ജനറാളായി തിരഞ്ഞെടുത്തതു് സഭയുടെ ഉന്നമനത്തിനും വളർച്ചക്കും നിതാന്തമായി ഭവിച്ചു. 1855-ൽ സഭയുടെ പരിക്ഷണാർത്ഥമുള്ള അംഗീകാരം തിരുസിംഹാസനത്തിൽ നിന്നും ലഭിച്ചു. 1906 മാർച്ചു് 2-ാം തീയതി പത്താം പീയൂസ് മാർപ്പാപ്പ സഭക്കു് സ്ഥിരീകരണം നൽകി അനുഗ്രഹിച്ചു. ഇങ്ങനെ കേരളകർമ്മലസഭക്കു് "യുറീസ് പൊന്തിഫിച്ചി'' (Juris Pontifichi) എന്ന ഉന്നതപദവി നൽകുകയും ചെയ്തു.

അത്ഭുതാവഹമെന്നു പറയട്ടെ, മാന്നാനംകുന്നിൽ 11 പേർമാത്രം ചേർന്നു് സമാരംഭിച്ച കർമ്മലീത്താസഭ (നട്ട മുന്തിരിവള്ളി) പടർന്നു് പന്തലിച്ചു് ശാഖോപശാഖകളായി വളർന്നു് ഇന്നിതാ കേരളത്തിലെന്നല്ല ഭാരതത്തിലുടനീളവും വ്യാപിച്ചതിനും പുറമെ പാശ്ചാത്യരാജ്യങ്ങളായ ഇററലി, ജർമ്മനി, ബൽജിയം, ഇംഗ്ലണ്ടു്, അമേരിക്ക, തുടങ്ങിയ രാജ്യങ്ങളിലേക്കും പടർന്നുകൊണ്ടി

രിക്കുന്നു. ഇററലി, ജർമ്മനി, ന്യൂയോർക്കിലും സഭക്ക് സ്വന്തമായ ഓരോ ഭവനംകൂടിയുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. കഴിഞ്ഞ 129 വർഷങ്ങൾക്കിടയിൽ (C. M. I.) സഭയുടെ വീരസന്താനങ്ങൾ കത്തോലിക്കാസഭക്കും രാഷ്ട്രത്തിനും ഭാരതത്തിലെ ജനങ്ങൾക്കുംവേണ്ടി അദ്ധ്വാനിച്ച് ജോലിചെയ്ത് ശക്തിയററ് മരിച്ച് മൺമറഞ്ഞുപോയ 300 ൽപരം അച്ചന്മാരും, 26-ലേറെ ബ്രദേഴ്സും ഏതാനും ശെമ്മാശന്മാരും ഉണ്ടെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. സി. എം. ഐ. സഭയെ ത്യാഗസമന്വിതമായ അദ്ധ്വാനത്താൽ പടുത്തുയർത്തിയ അവരെ എന്നെന്നും നാം കൃതജ്ഞതാപൂർവ്വം അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നാമോരോരുത്തരും കടപ്പെട്ടവരാണെന്നുള്ള യാഥാർത്ഥ്യവും, ഇവിടെ എടുത്തുപറഞ്ഞുകൊള്ളുന്നു.

# C. M. I. സഭ ഒററനോട്ടത്തിൽ 1984

| | | |
|---|---|---|
| മെത്രാന്മാർ | — | 5 |
| വൈദികർ | — | 865 |
| ബ്രദേഴ്സ് | — | 95 |
| വൈദിക വിദ്യാർത്ഥികൾ | — | 254 |
| നവസന്യാസികൾ | — | 117 |
| യോഗാർത്ഥികൾ | — | 375 |
| പ്രൊവിൻസുകൾ | — | 6 |
| വൈസ് പ്രൊവിൻസുകൾ | — | 3 |
| റീജനുകൾ | — | 3 |

| | | |
|---|---|---|
| മിഷൻ ഗ്രൂപതകൾ | — | 5 |
| ആശ്രമങ്ങൾ ഭവനങ്ങൾ | — | 245 |
| പഠനഗൃഹങ്ങൾ | — | 3 |
| നവസന്യാസഭവനങ്ങൾ | — | 9 |
| യോഗാർത്ഥിഭവനങ്ങൾ | — | 12 |
| അദ്ധ്യാത്മിക നവീകരണകേന്ദ്രം | — | 1 |
| വിദേശത്തുള്ള കേന്ദ്രങ്ങൾ (റോം, ജർമ്മനി, ന്യൂയോർക്ക്) | — | 3 |
| ഇടവകകൾ | — | 51 |
| സൺഡെ സ്കൂളുകൾ | — | 45 |
| ആസ്പത്രികൾ ഡിസ്പെൻസറികൾ | — | 51 |
| ബാലഭവനങ്ങൾ വൃദ്ധമന്ദിരങ്ങൾ | — | 15 |
| സോഷ്യൽ സർവ്വീസ് സൊസൈററികൾ | — | 5 |
| ആർട്ട്സ് സയൻസ് കോളേജുകൾ | — | 7 |
| സ്കൂളുകൾ മററുവിദ്യാഭ്യാസ സ്ഥാപനങ്ങൾ | — | 85 |
| ഹോസ്റ്റലുകൾ ബോർഡിങ്ങുകൾ | — | 21 |
| കൾച്ചർ സെൻററുകൾ | — | 13 |
| പ്രസ്സുകൾ | — | 7 |
| ദിനപത്രം | — | 1 |
| മാസികകൾ | — | 5 |
| ആനുകാലിക പ്രസിദ്ധീകരണങ്ങൾ | — | 2 |
| ബുക്ക് സ്റ്റാളുകൾ | — | 10 |
| പ്രസിദ്ധീകരണശാലകൾ | — | 6 |

1957-ൽ സ്ഥാപിച്ച സഭയുടെ പൊതുപാനഗൃഹമായ ബാംഗളൂർ ധർമ്മാരാം കോളേജിലേക്ക് നൊവിസ്യാത്തിനുശേഷം ഫിലോസഫിയും, തിയോളജിയും, മററു ശാസ്ത്രങ്ങളും പഠിക്കാനായി വൈദിക വിദ്യാർത്ഥികളെ അയക്കുന്നു. ഇവിടെ B. Ph, B. Th, M. Th എന്ന ഡിഗ്രികൾക്കുള്ള ക്ലാസുകൾ എടുക്കാനും പാസ്സാകുന്നവർക്ക ഡിഗ്രികൾ കൊടുക്കാനും (റോമിലെ ഗ്രിഗോരിയൻ സർവ്വകലാശാലയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.) കൂടാതെ മൈസൂർ യൂണിവേഴ്സിററിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ള ക്രൈസ്റ്റ് കോളേജിൽ സകലജാതിമതസ്ഥരായ വിദ്യാർത്ഥികളെ ചേർത്തു് പഠിപ്പിച്ചുവരുന്നു.

പാശ്ചാത്യസർവ്വകലാശാലകളിൽനിന്നും വേദശാസ്ത്രവിഷയങ്ങളിലും, ലൌകികവിജ്ഞാനശാഖകളിലും ഉന്നതബിരുദങ്ങൾ നേടിയിട്ടുള്ള സഭാംഗങ്ങൾ സഭയിൽ ധാരാളമുണ്ട്. അംഗസംഖ്യയിലും ത്യാഗപൂർണ്ണമായ സേവനത്തിലും കേരള സുറിയാനി കർമ്മലീത്താസഭ (സി. എം. ഐ. സഭ) ഭാരതത്തിലെ ഏതദ്ദേശീയ സന്യാസസഭകളുടെ മുന്നണിയിൽ നിൽക്കുന്നു എന്നതു് പ്രസ്താവ്യമാണ്. 19-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ കേരളസുറിയാനി സഭയിലുണ്ടായ പിളർപ്പിനും, വിശ്വാസത്തിനും കണ്ടകോടാലിയായിതീർന്ന ശീശ്മകൾക്കെതിരായി സുശക്തമായ ധീരസമരം നടത്തി വിജയം വരിക്കാനിടയാക്കിയതു് കർമ്മലീത്താസഭയുടെ പ്രഗത്ഭരായ സന്താനങ്ങളായിരുന്നു. വിശ്വാസപ്രചരണത്തിനും സംരക്ഷണത്തിനും സഭ ചെയ്തിട്ടുള്ള സേവനങ്ങൾ മഹനീയങ്ങളാണ്. സ്കൂളുകളും കോളേജുകളുംവഴിയും മററുപ്രകാരത്തിലും ജനങ്ങൾക്ക് വിജ്ഞാനം പകർന്നു് കൊടുക്കുന്നതിനും, സമുദായോദ്ധാരണം അധഃകൃതോദ്ധാരണം, വിദ്യാഭ്യാസം, പത്രപ്രവർത്തനം, പ്രസിദ്ധീകരണം, ആതുരശുശ്രൂഷകൾ, പാവപ്പെട്ടവർക്കു് വീടുകൾ വച്ചും കിണറുകൾ കുഴിപ്പിച്ചും, റോഡുകൾ വെട്ടിച്ചും, ദാനധർമ്മങ്ങൾ വഴിയായും മററു പലവിധത്തിലുള്ള ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾവഴി ഭാരതത്തിലുടനീളം സഭ ചെയ്തുവരുന്ന സേവനങ്ങളെ

ഗവണ്മേണ്ടുകളും, ഇൻഡ്യൻ പ്രധാനമന്ത്രിമുതൽ പലമഹാന്മാരും പൌരാവലിയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണു് സഭക്കു് അഭിമാനകരമാണു്.

കൂടാതെ ഭാരതത്തിലുള്ള ചാന്ദാ, സാഗാർ, ജഗതൽപൂർ, ബിജ്നോർ, രാജക്കോട്ടു് എന്നീ അഞ്ചു രൂപതകളുടെ ഭരണം നടത്തുന്ന അഭിവന്ദ്യരായ ജനുവാരീയൂസ്, ക്ലെമെൻസ്, പൌളീനോസ്, ഗ്രേഷ്യൻ, ഗ്രിഗരി എന്നീ അഞ്ചുതിരുമേനിമാരും സി. എം. ഐ. സഭയുടെ അരുമസന്താനങ്ങളാണു്. (കർമ്മലീത്താസഭ ഇടക്കാലത്തു് സി. എം. ഐ. എന്ന പേരിൽ അറിയപ്പെട്ടുന്നു ) ഈ തിരുമേനിമാരുടെ അഞ്ചു് രൂപതകളിലായി 160 സി. എം. ഐ. വൈദികരും 4 ബ്രദേഴ്സും ഏതാനും ശെമ്മാശ്ശന്മാരും, പല സഭകളിൽനിന്നും 415 കന്യാസ്ത്രീകളും 58 സ്കൂളുകളിലും, 18 ആസ്പത്രി ഡിസ്പെൻസറികളിലും സേവനം ചെയ്യുന്നതിനും പുറമെ പട്ടിണി പാവങ്ങൾക്കു് വീട്ടു് വെച്ചുകൊടുക്കുക. കിണർ കുഴിപ്പിച്ചും, റോഡുകൾ വെട്ടിച്ചും, കൊടുക്കുക മുതലായ ജീവകാരുണ്യപ്രവർത്തികൾ ചെയ്യുന്നു. കൂടാതെ ഗ്രാമങ്ങൾ തോറും നടന്നു് വീടുകൾ സന്ദർശിച്ചു് അവശരായവർക്കു് ഭക്ഷണംകൊടുത്തും ചികിത്സകൾ ചെയ്തുകൊടുത്തുകൊണ്ടു് സഹായിക്കുകയാണു്. ഹിമാലയപ്രാന്തങ്ങളിലെ കൊടുംതണുപ്പിലും, മററു സ്ഥലങ്ങളിലെ അത്യുഷ്ണവും സഹിച്ചു് രാപകൽ അദ്ധ്വാനിച്ചു് ജോലി ചെയ്തു് പരിത്യാഗപരരായ ജീവിതം നയിച്ചുപോരുന്നുണ്ടെന്നുള്ള യാഥാർത്ഥ്യവും പ്രസ്താവിച്ചുകൊള്ളുന്നു.

സി. എം. ഐ. സഭയിലെ പ്രഗത്ഭരും, പണ്ഡിതന്മാരുമായുള്ളവീരസന്താനങ്ങളിൽ പലരും സൂയസ് കനാലും, മെഡിററേനിയൻ കടലും, അററ്ലാൻറിക്കു് സമുദ്രവും കടന്നുചെന്നാണു് പാശ്ചാത്യരാജ്യങ്ങളിലും, അമേരിക്കയിലും, മിഷൻജോലികൾ, ഇടവകപ്പള്ളിജോലികൾ, കോളേജ് പ്രൊഫസർ ജോലികൾ മുതലായവ നടത്തുന്നതു് കൂടാതെ ഉന്നതബിരുതങ്ങൾക്കായി

പഠിക്കുന്ന സഭാംഗങ്ങൾ പലരുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

സി. എം. ഐ. സഭയുടെ ആദ്യത്തെ ജനറാളും ഇപ്പോൾ വാഴ്ത്തപ്പെട്ടവനുമായ ചാവറ കുര്യാക്കോസച്ചൻെറ 115-ാം ചരമവാർഷികമായ 3-1-1986 ആയപ്പോഴേക്കും സഭക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ അത്ഭുതാവഹമാണ്. അദ്ദേഹത്തെ വിശുദ്ധനെന്ന് പേരുവിളിക്കാനുള്ള നടപടികൾ റോമായിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെന്നാണ് എൻെറ അറിവ്. കേരളത്തിലൊട്ടാകെ ജാതിമതഭേദമന്യേ എല്ലാവർക്കും നന്മകൾ ചെയ്തുകൊണ്ട് മൺമറഞ്ഞുപോയ അദ്ദേഹത്തെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും വിശുദ്ധനെന്ന് പ്രഖ്യാപിക്കുവാനുള്ള ദിവസം വേഗത്തിൽ സമാഗതമാകുവാൻവേണ്ടി വായനക്കാരേവരും ഉള്ളഴിഞ്ഞു് പ്രാർത്ഥിപ്പാറാകണമെന്നു് വിനീതമായി അപേക്ഷിക്കുന്നു.

ചാവറയച്ചനോട്ട് പ്രാർത്ഥിച്ചും നൊവേനകൾ കഴിച്ചും രോഗശാന്തിയും പലതരത്തിലുള്ള സഹായങ്ങളും ലഭിച്ചിട്ടുള്ളവർ കേരളത്തിലും ഭാരതത്തിലും ഭാരതത്തിനുപുറത്തും വിദേശത്തും നിരവധിയാണ്. ഓരോരുത്തർക്കും ലഭിച്ച ഉപകാരങ്ങൾക്ക് നേർച്ചകാഴ്ചകൾ സമർപ്പിച്ച് നന്ദിപറയാനായി ഈ മാന്നാനം കുന്നിലെ കൊവേന്തപള്ളിയിലേക്ക് ദിനംതോറും വന്നുകൊണ്ടിരിക്കുന്ന നാനാജാതി മതസ്ഥരായ ആളുകൾ അനവധിയാണ്. ചാവറയച്ചനോട്ട് ഞാൻ അപേക്ഷിച്ച കാര്യങ്ങളെല്ലാം (1. കുളിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ കാൽ വഴുതി വലിയ കയത്തിൽ വീണ് മരിക്കാൻ പോയപ്പോഴും ഭയങ്കരമായ ചുമയാൽ മരിച്ചുപോകുമെന്ന സ്ഥിതിയിൽ വിദഗ്ദരായ മൂന്ന് ഡോക്ടർമാരും, രണ്ടു് നാട്ടുവൈദ്യന്മാരും ഉപേക്ഷിച്ചപ്പോൾ-ചാവറയച്ചൻെറ നൊവേന കഴിച്ച് പ്രാർത്ഥിച്ചതിൻെറ ഫലമായി എനിക്ക് പൂർണ്ണസുഖം കിട്ടി.) എനിക്ക് സാധിച്ചുകിട്ടിയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. വാഴ്ത്തപ്പെട്ട

വന്ദ്യനായ ചാവറയച്ചൻ നമുക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചുതരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എളിയ സഹോദരൻ

**BR. DOMINIC CMI**

# വന്ദ്യനായ ചാവറ കുര്യാക്കോസച്ചന്റെ ചരിത്രസംഗ്രഹം

(വില്ലടിച്ചാൻപാട്ട്)

ഗായകൻ:

അസ്തമയസൂര്യൻ പൊൻപട്ടുടുപ്പിച്ച
പച്ചിലക്കുന്നിന്റെ കാന്തിപൂരം
നിത്യദൈവത്തിന്റെ ശക്തിയാർജ്ജിച്ചോരാ
നിസ്തുലപരിവേഷമെന്നപോലെ

കഥ: മാന്നാനാം ഗ്രാമത്തിന്റെ മദ്ധ്യത്തിൽ ഉയർന്നു കാണുന്ന ആ കുന്നിൽ അന്തിക്കതിരോന്റെ അതിമനോഹരമായ മഞ്ഞവെളിച്ചം എമ്പാടും പരന്നു് നിൽക്കുന്നു. അതു് പ്രകൃതിയുടെ വെളിച്ചം മാത്രമല്ല, വിശുദ്ധിയുടെ പരിവേഷം കൂടിയാണു് എന്നു് തോന്നിപ്പോകും. എന്നാൽ ആ കുന്നിന്റെ മററുവിശേഷങ്ങൾ:

ഗായ: വാകമരങ്ങളും നെല്ലിമരങ്ങളും
ഉല്ലാസമേകുന്ന തെങ്ങിൻതോപ്പും
വാരുററുനിൽക്കുന്ന ചമ്പകം പൂക്കുമ്പോൾ
മന്നിലെ താരകളെന്നപോലെ

വാകയും നെല്ലിയും ചമ്പകവും തെങ്ങിൻതോപ്പും തെക്കൻകാററുകൊണ്ടു് ചാഞ്ചാടി നിൽക്കുന്നതിനിടയ്ക്കു്

ചെന്തെങ്ങിളം കുലപൂകിട്ടാകുന്നിന്മേൽ
ശോഭയേറുന്നെത്ര പൂവനങ്ങൾ
കുഞ്ഞിളംകാററുവന്നിക്കിളിയൂട്ടുമ്പോൾ
നൃത്തമാടുന്ന തളിർലതകൾ

കഥ: അങ്ങിനെ കാററിലാടിയുലഞ്ഞുനിൽക്കുന്ന വൃക്ഷഗണങ്ങൾക്കിടക്കു് നക്ഷത്രനിബിഡീകൃതമായ പൂന്തോപ്പുകളും ഹരിതകാന്തിക്കു് തിലകം ചാർത്തുന്ന ചെന്തെങ്ങിൻ കുലകളും ആ കുന്നിനെ മനോഹാരിതയുടെ ശൃംഗത്തിലെത്തിച്ചു എന്നാൽ

ഗായ: അത്രമനോഹരമായൊരാക്കുന്നിൻെറ
ഉച്ചിയിൽ കാണുന്ന ദേവാലയം
നീലിമയോലുന്ന മാനത്തൊരമ്പിളി-
പോലെ പ്രശോഭിക്കും ദേവാലയം

കഥ: മാന്നാനാം ഗ്രാമത്തിൻെറ വിരിമാറിൽ തെക്കുവടക്കു് നീണ്ടുനിവർന്നുകിടക്കുന്ന പാതയിലൂടെ സഞ്ചരിക്കുന്ന ഏതൊരുത്തരും ഈ കുന്നിലേയ്ക്കു് നോക്കിയാൽ ഭക്തിയോടെ തലകുനിച്ചുകൊണ്ടു് പറയും, ആ കുന്നിൻപുറത്തു് സ്ഥിതിചെയ്യുന്ന ദേവാലയം

നീലിമയോലുന്ന മാനത്തൊരമ്പിളി-
പോലെ പ്രശോഭിക്കും ദേവാലയം

നീലിമയാർന്ന ആകാശവീഥിയിൽ നിന്നു് ഭൂമിയിലേയ്ക്കു് പ്രഭ വിതറികൊണ്ടിരിക്കുന്ന പൂർണ്ണനിശാകരനെപോലെ തോന്നിപ്പോകുന്ന ആ ദേവാലയം കണ്ടാൽ.

ഇത്ര മനോഹരമായൊരു ദേവാലയം സ്ഥാപിച്ചതാരാണ്. ഈ ദേവാലയം ഏതാണ്. പറയാം, അത് സി. എം. ഐ. സഭ സ്ഥാപിച്ച ആദ്യത്തെ കൊവേന്ത. ഈ കൊവേന്തയുടെ പ്രാർത്ഥനമുറിയിൽ കൂടി മെയ്മാസപുഷ്പവൃഷ്ടിയിലാവൃതമായ പാർക്കമരങ്ങളും പൂന്തോട്ടങ്ങളും കണ്ടാനന്ദമധുരസ്മരണകളെ അയവിറക്കിക്കൊണ്ട് ഹേമന്തകാലത്തിൻെറ സമസുഖസുന്ദരമായ മന്ദമാരുതനേററ് ആനന്ദസാഗരത്തിൽ ലയിച്ച് സി. എം. ഐ. സഭാക്രമീകരണപ്രക്രിയകൾക്കായി ഒരുമിച്ച് വട്ടംകൂടിയിരുന്ന് തലപുകഞ്ഞാലോചിക്കുന്ന പൊതുസംഘപിതാക്കളെ, അഭിവന്ദ്യരായ മെത്രാന്മാരെ, സംപൂജ്യസദസ്യരെ,

കേരളത്തിൻെറ വീരമക്കളായ മഹാകവികളുടെ ലോകത്തിലേക്ക് നമുക്ക് ഒന്ന് എത്തിനോക്കാം.

ഗായ: തുഞ്ചനും ദൈവദാസൻ
കുഞ്ചനും കാളിദാസൻ
ഉള്ളൂരും ചങ്ങൻപുഴ
കേരളവർമ്മയും മററും
ഭാവനയാം സാമ്രാജ്യത്തിൽ
നിന്നുതിർന്നുവന്നോരു
പൂജ്യശില്പങ്ങൾകൊണ്ട്
കൈരളിയെ സേവിച്ചവർ

പ്രഭാതത്തിൽ കഥകളികഴിഞ്ഞു് പിരിയുന്നതും താളം കൊട്ടിക്കൊണ്ടിരുന്നപ്പോൾ ഉറങ്ങിപ്പോയ തുഞ്ചൻെറ തുള്ളൽപ്രസ്ഥാനവും, രാത്രികാലങ്ങളിൽ വൃക്ഷലതാദികളുടെ പശ്ചാത്തലത്തിൽ നടത്തിയിരുന്ന വില്ലടിച്ചാൺപാട്ടും, ആചാര്യന്മാരുടെ കൂത്തും നടന്നിരുന്ന കേരളത്തിലേക്ക് നമുക്ക് ഒന്നെത്തിനോക്കാൻ നിങ്ങളുടെ ഭാവനയെ ഞങ്ങൾ ക്ഷണിക്കുന്നു.

ഗായ: പേരെഴും തുള്ളലും ചാക്യാർക്കൂത്തും
ഗാഥയും ഗീഥയും ചെറുശ്ശേരിം
വ്യാസനും ദാസനും വള്ളത്തോളും
കഥകളി കോലടി വില്ലടിച്ചാൺ

കഥ: ഇനി നമുക്ക് കഥയിലേക്ക് പ്രവേശിക്കാം. ആ പൊൻതാരം ആരായിരുന്നു, അത് മററാരുമല്ലാ ഭാരതത്തിലെ ഏതദ്ദേശീയ സന്യാസ സമൂഹത്തിൻെറ ജനയിതാവ്, ദൈവദാസനായ ചാവറയച്ചൻ! ആ പിതാവിന്റെ ജീവിതത്തിലേക്ക് നമുക്ക് ഒന്നു കണ്ണോടിക്കാം.

ചാവറയച്ചൻ മാന്നാനാംകുന്നിൽ നട്ട കർമ്മലസഭയാകുന്ന മുന്തിരിവള്ളി ഭാരതത്തിൻെറ നാനാഭാഗത്തേക്കും പടർന്ന് ഭാരതത്തിൽതന്നെ അഞ്ച് പ്രൊവിൻസുകളും, അഞ്ച് സി. എം. ഐ. മെത്രാന്മാരും, അഞ്ച് രൂപതകളും ഉണ്ടായതിനും പുറമെ പാശ്ചാത്യലോകത്തിലെ റോമ്മാ, ജർമ്മനി, അമേരിക്ക മുതലായ രാഷ്ട്രങ്ങളിലും സി. എം. ഐ. സഭയുടെ മക്കൾ മിഷ്യൻ പ്രവർത്തനങ്ങളും മററ് പലവിധത്തിലുള്ള ജീവകാരുണ്യപ്രവർത്തികളും നടത്തിവരുന്നു. മണ്ണേററിഞ്ഞാൽ പൊന്നുവിളയും മലയാളക്കരയിൽ മാന്നാനാം കുന്നിലുദിച്ചൊരു സി. എം. ഐ. സഭ പന്തലിച്ച് ലോകത്തിലെമ്പാടും വളർന്നുവരുന്നു.

കഥ: ചാവറയച്ചൻെറ പ്രേഷിത പ്രവർത്തനത്തിൻെറ വളർച്ചക്ക് അച്ചടി തുടങ്ങിയെങ്കിൽ–ഇന്നിതാ അദ്ദേഹത്തിൻെറ പിൻഗാമികൾ വളരെയധികം പുരോഗമനപ്രവർത്തനങ്ങളായ ജീവകാരുണ്യപ്രവർത്തികളിൽ വ്യാപൃതരായിരിക്കുന്നു. ആ വന്ദ്യപിതാവിനെ വിശുദ്ധരുടെ പദവിയിലേക്കുയർത്താനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളസഭയുടെ വീരകേസരി അദ്ദേഹത്തിൻെറ ജീവിതത്തിലൂടെ ഒരു തീർത്ഥയാത്ര നടത്തിയ ആ വന്ദ്യനെ നമുക്കൊരുമിച്ച് വാഴ്ത്താം.

സ്നേഹതാതാ നിൻനാമം വാഴ്ത്തിടട്ടെ
ഭക്തിയോടെ വന്ദനങ്ങൾ നൽകിടട്ടെ
ഏകിടുകനൽവരങ്ങളെന്നുമെന്നും
കേണിടുന്നു ഞങ്ങളെന്നും നിൻതനയർ
ലോകമാകവെ നിന്നെ വാഴ്ത്തിടുവാൻ
ദിവ്യനാഥൻ നൽവരങ്ങൾ നൽകിടട്ടെ
എന്നും നൽകിടട്ടെ.

നിത്യഭാഗ്യം നകർന്നിടുന്ന സ്നേഹതാത
കാത്തിടുക നിൻസഭയെ നിത്യമായി
തന്നിടേണമെ എന്നും ആശിസ്സുകൾ
കേണിടുന്നു നിൻതനയർ ഞങ്ങളെന്നുമെന്നും
നിൻതനയർ എന്നുമെന്നും

# അവതരണ ഗാനം

കലതൻെറ കാൽചിലമ്പൊച്ച കേൾക്കുന്നു
മലയാളനാടേ
വരുന്നു ഞങ്ങൾ അണയുന്നിതാ നിൻ-
അരികത്തു ഞങ്ങൾ.
അണയാത്തതാം കലാദീപവുമേന്തി
ആ ........ആ ... .. ആ ... .....

സമൂഹം: വരുന്നു ഞങ്ങളിതാ വരുന്നു ഞങ്ങളിതാ
മന്നിൻമക്കടെ കലകളുമായ്
പൊന്നിൻ കലകളുമായ്
വരുന്നു ഞങ്ങളിതാ... .........

നേതാവ്: ശാന്തിനികേതന ഭാരതമെ

സമൂഹം: ആ ........ആ ........ആ ........

നേതാ: ചാവറ നീട്ടിയ കൈത്തിരിയിൽ നി–
ന്നേന്തുക ദീപപൊൻശിഖകൾ (2)

നിശയുടെ നിശബ്ദതയിൽ, ചന്ദ്രികയുടെ നീലിമയിൽ, താരാപഥങ്ങളുടെ മാധുരിയിൽ – പ്രശാന്തസുന്ദരമായ സായംസന്ധ്യയിൽ നമുക്ക് പാടാം.

ഗായ: പച്ചയാം വിരിപ്പിട്ട സഹ്യത്തിൽ തലവെച്ചും
സ്വച്ഛാബ്ധിമണൽതിട്ടാം
പാദോപദാനം പൂത്തും
പള്ളികൊണ്ടീടുന്ന നിൻ

പാർശ്വയുഗ്മത്തെ കാത്തുകൊള്ളുന്ന
കുമാരിയും ഗോകർണ്ണേശനും
തുഞ്ചനും ചെറുശ്ശേരീം
കുഞ്ചനും വടിവേലുവും

കഥ: നൂററാണ്ടുകൾക്ക് മുമ്പ് തോമാശ്ലീഹാ കൊളുത്തിയ ആ ദീപം 19–ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭീകരമായ ഒരു കൊടുങ്കാറ്റിൽ ആടിയുലയുകയായിരുന്നു. അതെ കൊടുങ്കാററിലകപ്പെട്ട കേരളസഭാതനയർക്ക് പ്രതീക്ഷകളെ ഉതിർത്തിവിട്ട ഒരു പൊൻതാരം ഉദയം ചെയ്തു.

എവിടെ

ഗായകർ: പേരാറും പെരിയാറും
കളിയാട്ടം നാടേതോ
കടലലയും കായലുമേ
കഥപറയും നാടേതോ
പേരതിനു മലയാളം
പേരുകേട്ട മലയാളം

വേമ്പനാട്ടു കായലിനരികെ
കൊമ്പനാന തലപൊക്കും
സഹ്യഗിരി സാനുവിൽ
കുടികൊള്ളും നാടേതോ?
പേരതിനു കൈനകരി
പേരുകേട്ട കൈനകരി

കഥ: ആ പൊൻതാരം ആരായിരുന്നു. ഭാരതത്തിലെ ഏക ഏതദ്ദേശീയ സന്യാസസഭയുടെ ജനയിതാവ്– അതെ ചാവറയച്ചൻ. ആ പിതാവിന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കാം.

കൈനകരി നാട്ടിലുള്ളോരു
കർഷകന്റെ കുടുംബത്തിൽ
മാലോകർ കീർത്തിക്കും മഹിതാശയനുണ്ടായി
പേരവനു കുര്യാക്കോസ്
പേരുകേട്ട കുര്യാക്കോസ് (2)

കഥ: അതെ കൈതക്കാടുകളും, കലമാൻപേടകളും, കനകംവിളയുന്ന വയലേലകളും, കേരവൃക്ഷങ്ങളും, നിറഞ്ഞു് നിൽക്കുന്ന കുട്ടനാടൻ താഴ്‌വരയിൽ കുണുങ്ങി കുണുങ്ങിയെത്തുന്ന കളിയോടങ്ങളെ കിങ്ങിണിജാലം മുഴക്കി സ്വാഗതംചെയ്യുന്ന മീനച്ചിലാറിൻെറ മാറിൽ മറഞ്ഞുകിടക്കുന്ന ഒരു ഗ്രാമമാണു് കൈനകരി. അവിടെ പ്രസിദ്ധമായ ചാവറ കുടുംബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 8-ാം തീയതി വെള്ളിയാഴ്ച കുര്യാക്കോസ് ജാതനായി

അഴകേറും പൈതൽതൻ
അയൽവക്കക്കാർക്കെല്ലാം
അലിവേലും സുന്ദരൻ
അരുമക്കിടാവായ് മാറി

കഥ: അങ്ങനെ നമ്മുടെ കഥാനായകൻ അനുസരണത്തിലും പുണ്യത്തിലും വളർന്നു് എല്ലാവരുടേയും സ്നേഹമാർജ്ജിച്ചു. ഭക്തരായ അവൻെറ മാതാപിതാക്കൾ അവനെ മാതാവിനു് അടിമവെച്ചു. എട്ടു് വയസ്സു പ്രായമായതുമുതൽ ആ പൈതൽ മകരത്തിലെ മരംകോച്ചുന്ന തണുപ്പിലും, കർക്കിടകത്തിലെ കനത്ത പേമാരിയിലും അഞ്ചെട്ടു നാഴികദൂരം, ദുർഘടമായ വഴിയും താണ്ടി സുറിയാനി കുർബ്ബാനക്കു് സഹായിച്ചുകൊണ്ടിരുന്നു. 11 വയസ്സു് തികഞ്ഞപ്പോൾ കൊച്ചുകുര്യാക്കോസ് ഒരു സെമ്മിനാരി വിദ്യാർത്ഥിയായി മാറി. ചിരകാലപ്രതീക്ഷിതമായ ആ സ്വപ്നം അങ്ങിനെ യാഥാർത്ഥ്യമായി.
ഗായ: വേലക്കാരോ വിരളം — എന്നാൽ വയലുകൾ ഇനിയും വളരെ. തിരുനാഥൻെറ ആഹ്വാനത്തെ കുര്യാക്കോസ് സ്വയം വരിച്ചു.

പള്ളിപ്പുറം സെമ്മിനാരിയിൽ
പഠിത്തത്തിൽ പ്രാർത്ഥനയിൽ
പാരം ജീവിതവിശുദ്ധിയിൽ—വളർന്നു ബാലൻ.

കഥ: ഇതിനിടയിൽ ആ സെമ്മിനാരി വിദ്യാർത്ഥിയെ ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായി. തൻെറ പ്രിയപ്പെട്ട മാതാവും, വത്സലപിതാവും, തൻെറ ഏകസഹോദരനും മൃത്യുവിനിരയാക്കപ്പെട്ടു.

ഗായ: കണ്ണുനീരിൻ കഥയിതു ചൊൽവാൻ
കണ്ഠമിടറുന്നു.

വാത്സല്യനിധിയാകും പിതാവും മാതാവും മരണത്തിൻെറ മടിത്തട്ടിൽ മടങ്ങിപ്പോയി. കരളുള്ളോർ കരയുമീ കദനത്തിൻ കഥകേട്ട് കുര്യാക്കോസ് കരംവിങ്ങി കരഞ്ഞുപോയി. അപ്പോഴാണ് വീട്ടുഭരണം നടത്തുവാൻ വീട്ടിലാരുമില്ല. എല്ലാവരുടേയും ദൃഷ്ടികൾ കുര്യാക്കോസിലേക്ക് തിരിഞ്ഞു. കദനത്തിൻെറ കണ്ണുനീർച്ചുഴിയിലേക്ക് കൊച്ചുകുറിയാക്കോസ് വലിച്ചിഴക്കപ്പെട്ടു. കുടുംബഭരണത്തിൻെറ വേലിയേററത്തിൽ അദ്ദേഹം വിവശനായി. പക്ഷെ, വീട്ടുകാരുടെ നിരന്തരമായ സമ്മർദ്ദത്തെ തൃണവൽഗണിച്ചുകൊണ്ട് അദ്ദേഹം സ്വജീവിതത്തിൽ മുന്നേറി. കലപ്പയിൽ കൈവച്ച ആ കർമ്മയോഗി പുറകോട്ടു തിരിഞ്ഞുനോക്കിയതേയില്ല.
കഥ: അങ്ങിനെ ആ സെമ്മിനാരി വിദ്യാർത്ഥി ക്ലേശലെന്യേ തൻെറ സെമ്മിനാരി ജീവിതം തുടർന്നു.

ഗായ: പരീക്ഷകളനവധി
പാഞ്ഞുവന്നലച്ചിട്ടും
പരമേശൻ തന്നിൽ ശരണംവെച്ച്
പതിമൂന്നുകൊല്ലം സെമ്മി
നാരി തന്നിൽ വളർന്നൊരാ
പരിത്യാഗിക്രിസ്തുവിൻെറ
പുരോഹിതനായ് മാറി.

കഥ: അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദൈവസ്നേഹാഗ്നി വീണ്ടും കത്തിജ്വലിച്ചു. അപ്പോഴാണ് സന്യാസ

സഭാസ്ഥാപനം എന്നൊരു സുന്ദരാശയം അദ്ദേഹത്തിൽ ഉയിർകൊണ്ടതു്. ദൈവസ്നേഹത്തിൻെറ പരമകാഷ്ഠയെ പ്രാപിക്കുവാനുള്ള ഒടുങ്ങാത്ത ദാഹമായിരുന്നു അതു്.

ഗായ: പാലക്കൽ, ചാവറ-
പോരൂക്കരയെന്നീ
പേരെഴും വൈദിക
രൊത്തങ്ങുചേർന്നു
മാന്നാനാം കുന്നിന്മേൽ
മൂന്നാം കർമ്മല സന്യാ-
സസമൂഹമാരംഭിച്ചു.

അങ്ങനെ 1855 ഡിസംബർ 8-ാം തീയതി മാന്നാനംകുന്നിൽ ഭാരതത്തിൻെറ ഏക ഏതദ്ദേശീയ കർമ്മലീത്താസഭ ബീജാവാപംചെയ്തു.

കഥ: പ്രിയോർ ജനറാളിൻെറ സ്ഥാനത്തിരുന്നുകൊണ്ടു് കേരള കത്തോലിക്കാസമുദായത്തേയും ആ പുണ്യചരിതൻ പോഷിപ്പിച്ചുകൊണ്ടേയിരുന്നു. തിരുകുടുംബത്തിൻെറ തികഞ്ഞ ഭക്തനായിരുന്ന അദ്ദേഹം ആ ദിവ്യസ്രോതസ്സിൽനിന്നു് ശക്തി സംഭരിച്ചുകൊണ്ടു് കാടും മേടും മലയും കുന്നും കയറിയിറങ്ങി കല്ലും മുള്ളും ചവിട്ടി മെതിച്ചു് മലയാളത്തിലുടനീളം ധ്യാനപ്രസംഗങ്ങൾ നടത്തി ജനലക്ഷങ്ങളെ പ്രബുദ്ധരാക്കുകതന്നെ ചെയ്തു.

ഗായ: കല്ലിലും മുള്ളിലും
കാലുചവിട്ടിയാ
വല്യപ്രിയോരച്ചൻ
ചെല്ലുമെങ്ങും
വാക്കുകൾ തന്നുടെ
വശ്യതയാലും നല്ല-
തീഷ്ണതയേറും
വിശ്വാസത്താലും
സ്വർല്ലോകനാഥൻെറ
സ്നേഹത്തിൻ സോപാനം

എല്ലാ മനുജർക്കും
ചൊല്ലിക്കൊടുക്കും.

ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്ന ദൈവത്തിൻെറ തത്വങ്ങൾ മനുഷ്യരെ ഗ്രഹിപ്പിക്കുന്ന ദൈവം മനുഷ്യരുടെ മാത്രമല്ല ഈ ലോകത്തിലുള്ള സകല ചരാചരങ്ങളുടെ പിതാവാണെന്നു് ധരിപ്പിക്കുന്ന, മനുഷ്യരെ സ്വർഗ്ഗത്തിനവകാശികളും ദൈവത്തിനു് ഓമനകളും ആക്കിമാററുന്ന അംബരചുംബികളായ ദേവാലയങ്ങളും പള്ളിക്കൂടങ്ങൾ കോളേജുകളും അച്ചടിശാലകളുംതുടങ്ങി.

ഗായ: കന്യകാമാതാവിൻെറ
ദാസിമാരായീടുന്ന
കന്യകാമാർക്കുള്ള
കന്യാസ്ത്രീമഠങ്ങളും
അഗതിമാർക്കായുള്ളൊ-
രനാഥമന്ദിരവും

കഥ: അതുമാത്രമല്ല —
ചെത്തിപ്പുഴയിൽ നൽ
മുത്തോലിയിൽ ബത
അമ്പഴക്കാട്ടിലും പുളിങ്കുന്നിൽ
വാഴക്കുളത്തും നല്ലൊ-
രുക്കുനമ്മാവിലും
എൽത്തുരുത്തിലും
കൊവേന്തകളുണ്ടായ്

കാലചക്രം പിന്നേയും നീങ്ങി സേവനത്തിൻെറ പാതയിലൂടെ ത്യാഗത്തിൻെറ താലവുമേന്തി, പരസ്നേഹത്തിൽ തല്പരനുമായി ആ കർമ്മയോഗി ബഹുദൂരം, മുന്നോട്ടുനീങ്ങി. അതോടൊപ്പം വിശുദ്ധിയുടെ ഗുരിസ്യംഗത്തിലേക്കു് അദ്ദേഹം പദം–പദം മുന്നേറി.

ഗായ: പകലന്തിയോളം നന്നായ്
പാടുപ്പെട്ടു പണിചെയ്തു
പുരോഹിതൻ പരിശുദ്ധ-

സക്രാരിമുമ്പിൽ
പലപല മണിക്കൂറും
പരിപൂർണ്ണധ്യാനത്തിലും
പാരം ദിവ്യാനന്ദത്തിലും
ഒന്നുചേർന്നു ലയിച്ചിരുന്നു.

കഥ: കുര്യാക്കോസച്ചൻെറ വ്യക്തിമഹാത്മ്യവും, സേവനോത്സുകതയും കണ്ടറിഞ്ഞ സഭാധികാരികൾ അദ്ദേഹത്തെ മലങ്കര സുറിയാനി സഭയുടെ വികാരി ജനറാളായി ഉയർത്തി. പക്ഷെ വിനയശാലിയായ നമ്മുടെ കഥാപുരുഷൻ ആദ്യം അതിന് വിസമ്മതിക്കയാണുണ്ടായത്. അങ്ങനെ സുറിയാനിക്കാരുടെ വികാരി ജനറാളായി–സേവനം മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ട് ഒരു ചെറുപ്പക്കാരൻെറ ചുറുചുറുക്കോടെ സഭാഭരണസാരഥ്യം വഹിച്ച് സർവ്വരുടേയും കണ്ണിലുണ്ണിയായി മാറി. ഇതിനിടയിലാണ് കേരളകത്തോലിക്കാ ക്രൈസ്തവസഭയെ ആകമാനം കിടിലംകൊള്ളിച്ച ആ സംഭവമുണ്ടായത്.

ആ നാളിലാണ് ബാബേലിൽനിന്നും റോക്കോസ് എന്നൊരു കൽദായൻ സുറിയാനിമെത്രാനെന്ന കള്ളപ്രചരണവും നടത്തി റോമിലെ അംഗീകാരം ഒന്നും കൂടാതെ കപ്പലിൽവന്ന് കൊച്ചിയിലിറങ്ങിയത്. സ്വജാതി മെത്രാനെ കിട്ടിയ കത്തോലിക്കാസമൂഹം അദ്ദേഹത്തെ ആശ്ലേഷിക്കുവാൻ മുന്നോട്ടടുത്തു. കേരളകത്തോലിക്കാസമൂഹമാകെ കള്ളപ്രചരണത്തിൻെറ കുടുക്കിൽ പെടുന്നതുകണ്ട് അടങ്ങിയിരിക്കാൻ ആ കർമ്മധീരന് മലയാളത്തിൻെറ വത്സലപിതാവിന് കഴിഞ്ഞില്ല.

ഗായ: കർമ്മോൽസുകനാം കർമ്മലധീരൻ
കപ്പലിറങ്ങിയ കള്ളത്തോക്കിനെ
കെല്ലേടന്നങ്ങെതിരിട്ടു
കേരളമക്കൾ വീണില്ല
റോക്കോസിവിടെ വാണില്ല
കപടതയാർന്നൊരു റോക്കോസിനെ
കപ്പലിലയച്ചു കര്യാക്കോസ്

കർമ്മോത്സുകനാം .....

കഥ: ശീശ്മക്കെതിരെ അടരാടുവാൻ അരയും തലയും മുറുക്കി ആ ധീരയോദ്ധാവ് രണാങ്കണത്തിൽ പ്രത്യക്ഷപ്പെട്ടു. റോക്കോസിൻെറ കാപട്യത്തെ ജനസമൂഹത്തിന് വ്യക്തമാക്കികൊടുക്കുവാനായി നിരോധനാജ്ഞകളിലൂടേയും മററ് നിരവധി പ്രചരണോപാധികളിലൂടെയും അദ്ദേഹം ശ്രമിച്ചു. കേരളമക്കാം വീണില്ല. അങ്ങനെ റോക്കോസ് വന്നു് ഒരു വാർഷികം കഴിയുന്നതിനു് മുമ്പ് അയാളെ ബാഗ്ദാദിലേക്കു് കെട്ടുകെട്ടിച്ചു. കേരളസഭാമണ്ഡലത്തിൽ കടന്നുകൂടിയ ആ കാർമേഘപടലത്തെ-ആ ശീശ്മയെ ചാവറയച്ചൻ ഉന്മൂലനംചെയ്തു.

കോലാഹലത്തിൻെറ കാലംകഴിഞ്ഞപ്പോരം, പ്രായോഗികവും പ്രയോജനകരവുമായ പ്രവത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. ദേവാലയകർമ്മങ്ങരംക്കു് പുതിയൊരു തേജസ്സും ഓജസ്സും പകർന്നുകൊണ്ടു് ഭക്താഭ്യാസങ്ങരംക്കു് പുത്തൻ രൂപഭാവങ്ങരം നൽകിക്കൊണ്ടു് പരിഷ്കരണങ്ങളിലൂടെ കേരളസഭയെ അദ്ദേഹം ക്രമീകരിച്ചു. 40 മണിക്കൂർ ആരാധന, പള്ളിപ്രസംഗങ്ങരം, വേദോപദേശക്കളരികരം തുടങ്ങി നിരവധി ഭക്ത്യാഭ്യാസങ്ങരം സമാരംഭിക്കുകയും, അതിനു് നിർല്ലോഭമായ സഹായസഹകരണങ്ങരം ഒരു വികാരി ജനറാളിൻെറ അധികാരത്തോടും, അതിലുപരി പരിത്യാഗബുദ്ധിയോടുംകൂടി അദ്ദേഹം വെച്ചുനീട്ടി.

ഗായ: പള്ളിയോടൊപ്പം നൽ പള്ളിക്കൂടങ്ങളും
അച്ചടിശാലയും വന്നുപിന്നെ
അജ്ഞാനിയായോരെ വിജ്ഞാനിയാക്കുന്ന
വേദോപദേശം തുടങ്ങീവേഗം

ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്ന, ദൈവത്തിൻെറ തത്വങ്ങരം മനുഷ്യരെ ഗ്രഹിപ്പിക്കുന്ന ദൈവം മനുഷ്യരുടെ മാത്രമല്ലാ, ഈ ലോകത്തുള്ള സർവ്വ ചരാചരങ്ങളുടെ പിതാവാണെന്നു ധരിപ്പിക്കുന്ന, മനുഷ്യരെ സ്വർഗ്ഗത്തിനവകാശികളും ദൈവത്തിനു് ഓമനമക്കളുമാക്കി മാററുന്ന, ദേവാലയങ്ങളും, പള്ളിക്കൂടങ്ങളും,

വേദോപദേശകളരികളും അച്ചടിശാലയും ദൈവദാസൻ തുടങ്ങി.

ഗായ: കന്യകാമാതാവിൻെറ
ദാസിമാരായിട്ടുന്ന
കന്യകമാർക്കുള്ള
കന്യാസ്ത്രീ മഠങ്ങളും
അഗതിമക്കൾക്കാ-
രനാഥമന്ദിരവും
അഭയം വേണ്ടവർക്കായ്
പണിതു മഹാമഹൻ.

കഥ: കര്യാക്കോസച്ചൻെറ വ്യക്തിപ്രാഭവവും നൈപുണ്യവും മലങ്കര വികാരി അപ്പസ്തോലിക്കയായിരുന്ന അഭിവന്ദ്യ ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ സവിശേഷമായ ശ്രദ്ധക്ക് പാത്രീഭവിച്ചു. തൻെറ അനുഗാമിയായി കേരള സുറിയാനിസഭയെ ഭരിക്കുവാൻ കര്യാക്കോസച്ചനെ തിരഞ്ഞെടുക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പക്ഷെ നമ്മുടെ കഥാനായകനാകട്ടെ അതിന വിസമ്മതിക്കയാണുണ്ടായത്. ഒരു ചെറുപ്പക്കാരന്റെ ചോരതിളപ്പോടെ കേരള സഭാസേവനം നടത്തികൊണ്ടിരിക്കെ അദ്ദേഹത്തിൻെറ സന്തതസഹചാരിയായിരുന്ന വാതരോഗം അതിൻെറ മൂർദ്ധന്യത്തിലെത്തി.

ഗായ: വാതരോഗത്താലെങ്ങും
വേദന തിങ്ങിവിങ്ങി
മെയ്യാകെ വയ്യെന്നായി
ശയ്യാവലംബിയായി

പക്ഷെ ഉൽക്കടമായ ആ സേവനചൈതന്യത്തിന്റെ ശക്തിയാൽ ശയ്യയെ ശരണം ഗമിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. ശരീരസ്ഥിതിയെ ഗണ്യമാക്കാതെ അദ്ദേഹം വീണ്ടും കർമ്മരംഗത്തിറങ്ങി. അശരണക്കുവേണ്ടി

അദ്ദേഹം രാപകൽ അദ്ധ്വാനിച്ചു. ഇതദ്ദേഹത്തിൻെറ ശരീരത്തിലേക്കു് ക്ഷതമേല്പിച്ചു.

ഗായ: ദുഷ്കരമായൊരു രോഗം
ദുർബലമായൊരു ശരീരത്തിൽ
ഇത്തരുണത്തിൽ കഷ്ടതയേറും
നിസ്തുതമായ പ്രയത്നം

കഥ: ഇതദ്ദേഹത്തിൻെറ ജീവനെ കാർന്നു് കാർന്നു് തിന്നുകൊണ്ടിരുന്നു. പ്രസിദ്ധരായ പല വൈദ്യന്മാരും അദ്ദേഹത്തെ ചികിൽസിച്ചുവെങ്കിലും യാതൊരു ഫലവുമുണ്ടായില്ല.

ഗായ: ഔഷധഫലസംസൂത്രം
ഈശോപാദം സദാ നമഃ
ഭിഷഗ്വരാ ധരിക്കേണം
ഔഷധാവശ്യനം തഥൈവ.

കേരളത്തിലുടനീളം ചുറുചുറുക്കോടെ പ്രവർത്തിച്ചിരുന്ന അദ്ദേഹം ആ കർമ്മധീരൻ കൂനമ്മാവാശ്രമത്തിൻെറ നാലുകെട്ടിലൊതുങ്ങി കഴിയുന്ന ഒരു നിത്യരോഗിയായി മാറി. പക്ഷെ കഠിനമായ രോഗപീഢകൾക്കിടയിലും, പുഞ്ചിരി തൂകിക്കൊണ്ടു് സദുപദേശങ്ങൾ നൽകാനും ഫലിതോക്തികൾകൊണ്ടു് തന്നെ ആശ്വസിപ്പിക്കാൻ വന്നവരെ സന്തോഷിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. തന്നിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നി ഉജ്ജ്വലപ്രഭയോടെ വീണ്ടും തെളിഞ്ഞുമിന്നി. തൻെറ ദിവ്യനാഥനുമായി താദാത്മ്യം പ്രാപിക്കുവാനുള്ള അവസരമായി ആ രോഗപീഢയെ അദ്ദേഹം കണക്കാക്കി.

ഗായ: രോഗത്തിൻ അഗ്നിതന്നിൽ
ഈശ്വരൻ തൻദാസനെ

ശുദ്ധീകരിച്ചപിന്നെ
ദ്വിഗുണീഭവിപ്പിച്ച
അദ്ധ്യാത്മതേജസ്സെഴും
ആ മുഖം ആർക്കും സദാ
ആനന്ദമേകി ദിവ്യ-
ആവേശം പകർന്നുപോൽ

കഥ: ഇതദ്ദേഹത്തിൻെറ ജീവനെ കാർന്നു് കാർന്നു് തിന്നുകൊണ്ടിരുന്നപ്പോൾ സുകൃതസോപാനത്തിൻെറ പടികൾ ഒന്നൊഴിയാതെ ചവിട്ടിക്കയറി അദ്ദേഹം സ്വർഗ്ഗീയ കവാടത്തിലെത്തിയിരുന്നു. വിശുദ്ധിയുടെ ഗിരിശൃംഗത്തിൽ-പക്ഷെ രോഗം അതിൻെറ സർവ്വവിധ, ഭീകരതകളോടുംകൂടി ആ ശരീരത്തെ കാർന്നു് തിന്നുകൊണ്ടിരുന്നു. രോഗത്തിൻെറ കാഠിന്യത്തെ തടുത്തുനിർത്തുവാൻ ആ ദുർബ്ബലമായ ശരീരത്തിനു് കഴിഞ്ഞില്ല. അതെ മരണം അതിൻെറ മാടപ്രാവിനെ മാടിവിളിക്കയായിരുന്നു.

ഗായ: മരണത്തിൻ ചിറകടി
മാറെറാലി കൊണ്ടപ്പോൾ
മുറിതന്നിൽ മ്ലാനത
തങ്ങിനിന്നേവരിലും

കഥ: 1871 ജനുവരി മൂന്നാം തീയതി പുതുവത്സരത്തിൻെറ അലയോലകൾ അടങ്ങിയിട്ടില്ലായിരുന്ന അവസരം പുതുവത്സരപുലരിയുടെ പുലർകാലനക്ഷത്രത്തിൻെറ പ്രഭ മങ്ങിയിട്ടില്ലായിരുന്നു. കേരളസഭാനഭോമണ്ഡലത്തിൽ ദുഃഖത്തിൻെറ ഏങ്ങലടികൾ ഉയന്നു. തന്റെ അന്ത്യദിനം അടുത്തിരിക്കുന്നതു് മനസ്സിലാക്കിയ ആ ത്യാഗിവര്യൻ അന്ത്യലേപനം ആവശ്യപ്പെട്ടു. ആശ്രമവാസികളെല്ലാവരും തങ്ങളുടെ പിതാവിൻെറ മരണക്കിടക്കയ്ക്കു് ചുററും കദനഭാരത്തോടെ നമ്രശിരസ്കരായി നിലകൊണ്ടു. കട്ടിലിൽ കിടന്നിരുന്ന ആ ദിവ്യസാത്വി

പത്തെ അഭൗമതേജസ്സ് ആവരണം ചെയ്തിരുന്നതായി അവർക്ക് അനുഭവപ്പെട്ടു.

സ്വർഗ്ഗീയകിരണങ്ങൾ ആ മുഖകമലത്തിൽ പൊതിഞ്ഞിരുന്നു. അധരങ്ങൾ തുറന്നു് അവിടന്നു് ശിഷ്യഗണത്തിനു് അന്ത്യോപദേശം നൽകി, "മമ്മോദീസായിൽ എനിക്കുലഭിച്ച വരപ്രസാദം നഷ്ടപ്പെടുത്തുവാൻ എനിക്കിതുവരെ ഇടയായിട്ടില്ല." ആത്മധൈര്യത്തോടും വിശ്വാസധീരതയോടുംകൂടിയ ആ വാക്സുധകൾ വാർന്നൊഴുകി. പ്രാത്ഥനാനിരതരായി നില കൊണ്ട ആ ശിഷ്യഗണത്തെ ദുഃഖത്തിലാഴ്ത്തിക്കൊണ്ടു് ആ പാവനാത്മാവു് നിത്യതയിലേക്കു് പറന്നുപോയി.

ഗായ: ത്യാഗത്തിൻ ബലിജീവിതം
വിശുദ്ധമായൊരു ജീവിതം
കടന്നുപോയാധീരസുതൻെറ
വീര്യമെഴും മഹാജീവിതം

കഥ: കാലചക്രം പിന്നെയും തിരിഞ്ഞു് വസന്തങ്ങളും ഹേമന്തങ്ങളും പലകുറി മാറിമറിഞ്ഞു. മാന്നാനത്തെ മണ്ണിൽനട്ട ആ കർമ്മലസഭയായ ചെടി വളർന്നു് പന്തലിച്ചു. ആ സഭാശാഖയിൽ ഇലകൾ തളിരിട്ടു. അനേകായിരങ്ങൾക്കു് ആ വൃക്ഷം താങ്ങും തണലുമായി നില കൊണ്ടു. നിത്യഹരിതയായി നിലകൊണ്ട ആ സഭാശാഖക്കു് ശാഖകളും ഉപശാഖകളും ഉണ്ടായി.

ഗായ: കാലമാം ചക്രത്തിൽ
കാലുകൾ പിന്നെയും
നീങ്ങിത്തുടങ്ങിമെല്ലെ
സി. എം. ഐ. ശീഘ്രം വളന്നു പിന്നെ
സെൻറു് ജോസഫ് പ്രൊവിൻസും
സേക്രട്ട് ഹാർട്ട് പ്രൊവിൻസും
ദേവമാതാ പ്രൊവിൻസുംപിന്നെ

സെൻററ് തോമസ് പ്രൊവിൻസും
മാർതോമ്മാ പ്രൊവിൻസും പിന്നെ
നിർമ്മല, പ്രേഷിത, സെൻററ് പോരം
വൈസ് പ്രൊവിൻസുമുണ്ടായി.

കഥ: മാന്നാനം കുന്നിൽ നട്ട ആ മുന്തിരിവള്ളി മലയാളനാട്ട് വിട്ട് ഇന്നിതാ ഭാരതത്തിൻെറ നാനാഭാഗത്തേക്കും പടർന്നു ചാന്ദാ, സാഗാർ, ജഗദൽപൂർ, ബിജ്നോർ, രാജക്കോട്ട് എന്ന അഞ്ചു രൂപതകളും ഭരിക്കുന്നതു് അഭിവന്ദ്യരായ ജെനുവാരിയൂസ്, ക്ലെമൻസ്, പൌളീനോസ്, ഗ്രേഷ്യൻ, ഗ്രിഗരി എന്ന അഞ്ചു ബിഷപ്പ്മാരാണ്. ഈ തിരുമേനിമാർ സി. എം. ഐ. സഭയുടെ അരുമസന്താനങ്ങളുമാണ്. കൂടാതെ ഈ രൂപതകളിലും മററുമായി ഭാരതത്തിൽതന്നെ മിഷൻപ്രവർത്തനം നടത്തുന്നവരായ അനേകം സി. എം. ഐ. വൈദികരും സിസ്റ്റേഴ്സും ഏതാനും ബ്രദേഴ്സും വൈദീകവിദ്യാർത്ഥികളും, കർമ്മോത്സുകരായി ത്യാഗപൂർവ്വം ധീരസേവനം ചെയ്യുന്ന മിഷനറികളും ഭാരതത്തിലുണ്ട്.

ഗായ: മണ്ണെറിഞ്ഞാൽ പൊന്നുവിളയും
മലയാളക്കരയിൽ (2)
മാന്നാനം കുന്നിലുദിച്ചൊരു
സി. എം. ഐ. സഭ വളർന്നുവന്നു (2)
ചെങ്കോട്ട കോട്ടകടന്നു്
വയനാടൻ കുന്നുംകടന്നു്
ഭാരതമാം സാമ്രാജ്യത്തിൽ
നാലുദിക്കിലുമെത്തീടുന്നു.
ചാന്ദായിൽ സാഗാറിലും
ബിജ്നോർ ജഗദൽപൂരിൽ
രാജക്കോട്ടിൽ അമേരിക്കാ
ജർമ്മനി റോമ്മാ ന്യൂയോർക്കിലും
സി. എം. ഐ. സഭാംഗങ്ങൾ
കർമ്മധീരം ജോലിചെയ്യുന്നു.

കഥ: തന്നെയല്ല ഭാരതത്തിനു് പുറത്തു് സി. എം. ഐ. സഭക്കാർ പാശ്ചാത്യരാജ്യങ്ങളിൽ പലതിലും, ഇററലി, ജർമ്മനി, അമേരിക്കയിലും സ്വന്തമായ ഹൗസ് സ്ഥാപിച്ചും, മിഷ്യൻ പ്രവർത്തനങ്ങൾ, ഇടവകപള്ളിജോലികൾ കോളേജ് പ്രൊഫസർമാരായും ജോലികൾ ചെയ്തുവരുന്നു എന്നതു് പരമാർത്ഥമായ യാഥാർത്ഥ്യം മാത്രമാണു്. കൂടാതെ ബിരുദങ്ങൾ നേടിയെടുക്കാനായി പഠിക്കുന്നവരും ധാരാളമാണു്. കാലത്തിൻെറ ചുവരെഴുത്തുകൾക്കനുസൃതം പ്രവർത്തിച്ച നമ്മുടെ ദൈവദാസനായ പിതാവിനെ അനുകരിക്കുന്നതിൽ ഒട്ടും പിന്നിലല്ല ഇന്നവിടത്തെ സന്താനങ്ങൾ എന്നതു് കർമ്മലീത്താ സി. എം. ഐ. സഭയ്ക്കും സഭയുടെ മക്കൾക്കും അഭിമാനകരമാണെന്നു് നിസംശയം പറയാവുന്നവയാണു്.

ചാവറ കുര്യാക്കോസച്ചനോടു് വിശ്വാസത്തോടെ നാം അപേക്ഷിക്കുന്ന കാര്യങ്ങൾ (അനുഗ്രഹം) ആ പിതാവിൻെറ മദ്ധ്യസ്ഥംവഴി നമുക്കു് ലഭിച്ചുതരുന്നതാണു്.

ഈ പിതാവിനോടു് ഞാൻ അപേക്ഷിച്ചിട്ടുള്ള പല സംഗതികളും എനിക്കു് സാധിച്ചുതന്നിട്ടുണ്ടു്.

# കത്തുകൾക്ക് മറുപടി

(തുള്ളൽ)

നിങ്ങടെ കത്തുകളെല്ലാം കിട്ടി
നിന്നൊരുനിലയിൽ വായിച്ചുഞാൻ
നിറയും മാനസമുതിരും വാക്കുകൾ
നിരനിരയായെന്നുള്ളിലുമാക്കി
എത്ര മനോഹരമാണാവാക്കുകൾ
എന്തു വിശാലത മുററുന്നവയിൽ
എങ്ങിനെ ഞാനീ പാവപ്പെട്ടവ-
നേകും നിങ്ങൾക്കതിനൊരു നന്ദി
ദാസനുമല്ല വ്യാസനുമല്ല
ദാഹിക്കും കവിതിലകനുമല്ല
എളിയവനിവനൊരു വന്ദ്യവയോധിക-
നെന്നും നിങ്ങടെ സോദരനാണെ
ആലസ്യമനുദിനമേറിവരുന്നു
ആരോഗ്യത്തിനു ഹാനിവരുന്നു
ഹാർട്ടിനു് നൊമ്പരമേററം കഷ്ടം
മുറപോൽ പ്രഷറും കൂടിവരുന്നു
ക്ഷീണവും തളർച്ചയുമേറിവരുന്നു
കുഴിയിൽ മൂടാറായിവരുന്നു
സഭയുടെ വത്സലമക്കൾനിങ്ങൾ
സകലവുമങ്ങേക്കേകിയ നിങ്ങൾ
എന്നും നിർമ്മലരായ് വളരു
എങ്ങും പരിമളകാന്തിപരത്തു
കത്തിനു നന്ദിയുരചെയ്യുന്നു
ഒത്തിരിയിനിയും കാത്തിരിക്കുന്നു
കവിയല്ലെങ്കിലുമിവനായ് നിങ്ങൾ
ഓർമ്മിക്കുമ്പോൾ പ്രാത്ഥിക്കണമെ.
കരുണാനിധിയാമുലകിൻ നാഥന്നരു-
ളട്ടെ നിങ്ങൾക്കനെവധിനന്മകൾ.

# യാചന

(തുള്ളൽ)

താതന്മാരെ സോദരഗണമെ
സാധു എനിക്കൊരു യാചനയുണ്ടെ
എൻവചനകൊണ്ടു സഭയ്ക്കോ മാമക
സോദരശ്രേണിയിലാർക്കെങ്കിലുമോ
വന്നുഭവിച്ചൊരു നഷ്ടവുമതുപോൽ
ദുർമ്മാതൃകയും കുറവുകളുമെല്ലാം
സദയമതങ്ങുക്ഷമിക്കണെയെൻറ-
യത്ഥന നിരസിക്കരുതേ നിങ്ങൾ
ശുദ്ധനൊ സിദ്ധനോ അല്ലാ ഞാൻ വെറു-
മുഗ്ദ്ധതകൊണ്ടു നിറഞ്ഞൊരു പാപി
ജീവിതയാത്ര നിലക്കാറായ് മമ-
ജീവേശ്വരനെ കാണാറായി.
നല്ലൊരു മരണമീയടിയനു കിട്ടാൻ
നന്മനസ്സരുകി പ്രാത്ഥിക്കേണമെ
ഏറെക്കാലം പത്തൊരു മരണം
വേഗംവന്നിങ്ങണയാൻവേണ്ടി
അക്ഷമനായിക്കഴിയുന്നുഞാൻ
ആയതിന്നീശൻ കനിയട്ടെന്നിൽ
നല്ലൊരു ദൈവത്തെ പ്രാപിക്കാൻ
ഈശൊ മറിയം യൌസേപ്പെന്നൊരു-
നാമംചൊല്ലിയെന്നുടെയാത്മം
വേർപിരിയാനായ് കനിയണമീശൊ
എല്ലാംതീർത്ത പിതാവിൻപക്കൽ
പ്രാത്ഥനയേകാം നിങ്ങൾക്കായ് ഞാൻ.

# കൃതജ്ഞത

(തുള്ളൽ)

വന്ദ്യപിതാക്കളെ വൈദീകോത്തമ-
വന്ദ്യന്മാർ ശെമ്മാശ്ശന്മാരെ
ബന്ധുജനങ്ങരം നാട്ടുകാരിങ്ങനെ
ബന്ധപ്പെട്ടവരെല്ലാവരുമെ
എൻചെറുകൃതികളടിപ്പിക്കാനായ്
അൻപൊടുഹസ്തം നീട്ടി നിങ്ങരം
ഇത്ഥം ചെയ്തൊരു സഹായങ്ങരംക്കാ-
യുത്തരമെങ്ങനെ പറയേണ്ടൂ ഞാൻ
നന്ദിനിറഞ്ഞുതുളുമ്പുന്നെന്നുടെ
ഹൃദയം നിങ്ങരംക്കേകുന്നുഞാൻ
നിർമ്മല പരിമളകാന്തിപരത്തി-
നിങ്ങളിലിതെന്നും വളരാനായും
അതുലമനോഹരമായൊരു മോക്ഷ-
വിരവൊടുക്കുടിച്ചേരാനായും
അവിടെ സൌഭഗസ്വർഗ്ഗവിരുന്നിൽ
അവികലമോദമൊടണയാനായും
നിരതമിതെന്നുടെ കയ്യിണക്കൂപ്പി
പരിചൊടുനിത്യം പ്രാത്ഥിക്കാം ഞാൻ
നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം
പ്രതിഫലമീശൻ നൽകും നൂനം
അടയ്ക്കട്ടെയിതോടെയെൻറ പേന
ലയിക്കട്ടെയെന്റെപിതാവിലൊന്നായ്ഞാൻ

❀ **സമാപ്തം** ❀

Praise the Lord! Praise the Lord!! Praise the Lord!!!

***Br. Dominic Koikara CMI***
***Kizhakkampalam***

38

പണ്ഡിതൻമാരായ പെ: ബ: തോമസ് ഐക്കര, പെ: ബ: ഗ്രിഗരി മെത്രാൻ ബ: മത്തിയാസ്, ബ: ലൂക്കാ എന്നീ സി. എം. ഐ. അച്ചൻമാർ പരിശോധിച്ചശേഷം 3-1-1979-ൽ ജനറാൾ തോമസ് ഐക്കരയച്ചൻ അടിപ്പിച്ചുതന്നതിന്റെ രണ്ടാം പതിപ്പാണ് "ചാവറ കുരിയാക്കോസച്ചൻ" എന്ന് ഏവരും അറിഞ്ഞിരിക്കേണ്ടതാണ്.

Br. Dominic CMI



‘ഇന്നു ഞാൻ, നാളെ നീ’



നെഞ്ചിൽ വേദനയേറിവരുന്നു
കണ്ണിന്നു കാഴ്ച കുറവായ് വരുന്നു
എഴുത്തുകളിൽനിന്നെല്ലാം ഞാൻ
വിടചോദിക്കുകയാണിപ്പോൾ.

അതുകൊണ്ടെൻ പ്രിയ സോദരരെ!
പ്രാർത്ഥിക്കണെയെനിക്കായി
താപംപൂണ്ടു് കരഞ്ഞീടും
യാചനതള്ളിക്കളയല്ലേ.

നൽമരണം ഞാൻ യാചിപ്പൂ
നിങ്ങൾ പ്രാർത്ഥിച്ചീടണമെ
കരുണ നിറയും വിധിയാലെന്നെ
കർത്താവെ സ്വർഗ്ഗെ ചേർക്കണമെ.

# ചാവറ
# കുര്യാക്കോസച്ചൻ



കർമ്മ യോഗിയായ് കർമ്മധീരനായ്
കർമ്മലസൂന സുഗന്ധം പരത്തി നീ!
കാതലായ് കാരുണ്യ ദീപമായ് മാറി നീ
കരയുന്ന മാനവർക്കാശ്വാസമായി നീ.

ബ്രദർ ഡൊമിനിക് സി. എം. ഐ.

55.734